# വ്യവസായ കേരളം

69

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 OCTOBER 2024


## കേരളം ഒരുങ്ങുന്നു വ്യവസായ മഹാനഗരത്തിനായി

### കുതിക്കാനൊരുങ്ങി പാലക്കാട്

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉറപ്പുകൾ യാഥാർഥ്യമാകുന്നതോടുകൂടി കൊച്ചി ബെംഗളൂരു വ്യവസായ നഗരം പദ്ധതി പൂർത്തിയാകുന്നതോടെ കേരളത്തിന്റെ വ്യവസായ തലസ്ഥാനമായി പാലക്കാട് മാറും. കാർഷികമേഖലയ്ക്ക് ഉൾപ്പെടെ വലിയ നേട്ടവും ആയിരക്കണക്കിനാളുകൾക്കു തൊഴിലും വരുമാനവും വരുന്ന രീതിയിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിക്കായുള്ള ഭൂമിയേറ്റെടുക്കൽ ഡിസംബറോടെ പൂർത്തിയാക്കുമെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു. പുതുശ്ശേരി സെൻട്രൽ, പുതുശേരി വെസ്റ്റ്, കണ്ണമ്പ്ര വില്ലേജുകളിലായി 1,710 ഏക്കറിൽ നടപ്പാക്കുന്ന പദ്ധതിക്ക് പുതുശ്ശേരി വെസ്റ്റിൽ 240 ഏക്കർ മാത്രമാണ് ഇനി ഏറ്റെടുക്കാനുള്ളത്.

പദ്ധതിയുടെ ഭാഗമായ പുതുശ്ശേരി വെസ്റ്റിലും കണ്ണമ്പ്രയിലും ഭക്ഷ്യസംസ്കരണ മേഖലയ്ക്ക് ഊന്നൽ നൽകുന്ന വ്യവസായങ്ങളാണ് പ്രധാനമായും വരിക. കാർഷികോൽപന്നങ്ങളായ നെല്ല്, നാളികേരം, നേന്ത്രക്കായ എന്നിവയുടെ സംസ്കരണത്തിനും മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണനത്തിനും ഇവ സഹായകരമാകും. കണ്ണമ്പ്ര കേന്ദ്രീകരിച്ച് റബർ അനുബന്ധ വ്യവസായങ്ങളും ധാരാളമായി വരുന്നത് കർഷകർക്കു നേട്ടമാകും. മരുന്നുകൾ ഉപയോഗിക്കുന്നവരുടെ എണ്ണം കൂടുതലുള്ള കേരളത്തിൽ പ്രമുഖ മരുന്ന് കമ്പനികൾ വരും. റോബട്ടിക്സ് പോലെയുള്ള വ്യവസായങ്ങൾക്കു വഴിതുറക്കുന്നതാണ് ഹൈടെക് വ്യവസായ മേഖല.



പ്ലാസ്റ്റിക് പുനരുപയോഗത്തിന് പരമാവധി പ്രാധാന്യം നൽകുന്ന രീതിയിലാണ് വ്യവസായങ്ങൾ അനുവദിച്ചിട്ടുള്ളത്. പരിസ്ഥിതിക്ക് പ്രാധാന്യം നൽകിയുള്ള വികസനപ്രവർത്തനങ്ങളാണ് ഇവിടെ നടപ്പാക്കുക. മൂന്നിടങ്ങളിലും ഗ്രീൻ ബെൽറ്റിനും ജലസംരക്ഷണത്തിനും ഭൂമി മാറ്റിവയ്ക്കുന്നുണ്ട്. റോഡുകൾ, ജലസംവിധാനം, അഴുക്കുചാൽ, മലിനജല പുനരുപയോഗ ശ്യംഖല, ജലശുദ്ധീകരണ പ്ലാന്റ്, വൈദ്യുതി വിതരണം, ഖരമാലിന്യ സംസ്കരണം, പാർപ്പിടങ്ങളും പൊതു ഇടങ്ങളും ഒരുക്കൽ തുടങ്ങിയ പ്രവൃത്തികളാണ് ആദ്യഘട്ടത്തിൽ ഉറപ്പാക്കാനുള്ളത്. പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്, ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി, ശ്രീ. എ. പ്രഭാകരൻ എം.എൽ.എ., വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്., പാലക്കാട് ജില്ലാ കലക്ടർ ഡോ. എസ്. ചിത്ര ഐ.എ.എസ്., കിൻഫ്ര എംഡി ശ്രീ. സന്തോഷ് കോശി തോമസ് എന്നിവർ സന്ദർശിച്ചു.

### ലൈഫ് സയൻസ് മേഖലയിലേക്ക് കൂടുതൽ നിക്ഷേപം

## ഭാവി ഭദ്രമാക്കാൻ ബയോകണക്റ്റ് കോൺക്ലേവ്

### രാജ്യത്തെ മെഡിക്കൽ ഉപകരണ വ്യവസായത്തിൽ 25 ശതമാനം വരുന്ന കേരളത്തിന്റെ സംഭാവന ഇരട്ടിയാക്കും





ആരോഗ്യ സംരക്ഷണം, വ്യവസായം, ഗവേഷണം എന്നിവയെ സമന്വയിപ്പിച്ച് കേരളത്തിന്റെ മറ്റ് മേഖലകളിലും ലൈഫ് സയൻസസ് പാർക്കുകൾ സ്ഥാപിക്കുമെന്ന് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ ആരംഭിച്ച ലൈഫ് സയൻസ് കോൺക്ലേവായ ബയോകണക്റ്റിന്റെ രണ്ടാമത് എഡിഷൻ ഓൺലൈനായി ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. തിരുവനന്തപുരം തോന്നയ്ക്കലിലെ ബയോലൈഫ് സയൻസസ് പാർക്ക് കൂടാതെ സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലും ലൈഫ് സയൻസസ് പാർക്കുകൾ യഥാർഥ്യമാക്കും. ഈ രംഗത്തെ ഗവേഷണത്തിലും വികസനത്തിലും ഇന്നൊവേഷൻ ഹബ്ബാക്കി സംസ്ഥാനത്തെ മാറ്റുന്നതിന് ആരോഗ്യ സംരക്ഷണത്തെ വ്യവസായവുമായി ബന്ധിപ്പിക്കുകയാണ് ലക്ഷ്യമെന്നും ബഹു. മുഖ്യമന്ത്രി പറഞ്ഞു.

രാജ്യത്തെ മെഡിക്കൽ ഉപകരണ വ്യവസായത്തിൽ 25 ശതമാനം വരുന്ന കേരളത്തിന്റെ സംഭാവന ഇരട്ടിയാക്കുമെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു. ബയോകണക്ട് 2.0 യിൽ അധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. വൈറൽ രോഗങ്ങളെ ചെറുക്കാനുള്ള കേരളത്തിന്റെ ദീർഘകാല പദ്ധതികളുടെ കേന്ദ്രമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയെ മാറ്റുമെന്ന് ബഹു. ആരോഗ്യ മന്ത്രി ശ്രീമതി വീണാ ജോർജ് പറഞ്ഞു.



ഭാരത് ബയോടെക് ഇന്റർനാഷണൽ ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. കൃഷ്ണ എല്ല മുഖ്യപ്രഭാഷണം നടത്തി. വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്., കെ.എസ്.ഐ. ഡി.സി. മാനേജിങ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്, കിൻഫ്ര മാനേജിങ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ്, കെ.എസ്.ഐ.ഡി.സി. എക്സിക്യൂട്ടിവ് ഡയറക്ടർ ശ്രീ. ആർ. ഹരികൃഷ്ണൻ, കേരള ലൈഫ് സയൻസ് പാർക്ക് സി.ഇ.ഒ. ഡോ. കെ. എസ്. പ്രവീൺ എന്നിവർ സംസാരിച്ചു.

# ആഗോള നിക്ഷേപക സംഗമം; ശ്രദ്ധേയ മുന്നേറ്റമായി ബംഗളൂരുവിൽ കേരളത്തിന്റെ റോഡ് ഷോ

അടുത്ത വർഷം സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന ആഗോള നിക്ഷേപക സംഗമത്തിനുമുന്നോടിയായി ബംഗളൂരുവിൽ സംസ്ഥാന വ്യവസായ വകുപ്പ് സംഘടിപ്പിച്ച റോഡ് ഷോ ശ്രദ്ധേയമായി. കേരളത്തിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെ കേരളത്തിന് പുറത്ത് സംഘടിപ്പിച്ച രണ്ടാമത്തെ ഇൻഡസ്ട്രിയൽ റോഡ്ഷോ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു.

കേരളം വ്യവസായ സൗഹൃദമല്ലെന്ന തെറ്റിദ്ധാരണയ്ക്ക് മാറ്റം വന്നതായി ഉദ്ഘാടന പ്രസംഗത്തിൽ ബഹു. മന്ത്രി പറഞ്ഞു. നിരവധി നിക്ഷേപങ്ങൾ സംസ്ഥാനത്തേക്ക് എത്തി. 25 വർഷത്തിനിടെ കേരളത്തിൽ ഒരു ഫാക്ടറിയിലും ഉദ്യോഗസ്ഥർ ആക്രമിക്കപ്പെട്ടിട്ടില്ല. കൂടുതൽ നിക്ഷേപകരെ ആകർഷിക്കുകയാണ് ലക്ഷ്യമിടുന്നതെന്നും ബഹു. മന്ത്രി പറഞ്ഞു. പരിപാടിയുടെ ഭാഗമായി കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുമായി സഹകരിച്ച് വ്യവസായ പ്രമുഖരുമായും നിക്ഷേപകരുമായും കൂടിക്കാഴ്ച നടത്തി. സംസ്ഥാനത്തെ നിക്ഷേപ സാധ്യതയും സർക്കാരിന്റെ വ്യവസായ-വാണിജ്യ







നയങ്ങളും കൂടിക്കാഴ്ചയിൽ ചർച്ച ചെയ്തു.

എയ്റോസ്പേസ്, പ്രതിരോധം, നിർമിതബുദ്ധി, റോബോട്ടിക്സ്, ജൈവസാങ്കേതിക വിദ്യ, ഇലക്ട്രോണിക് വാഹനങ്ങൾ, ഡിസൈനും ഉൽപ്പാദനവും, ഭക്ഷ്യസംസ്കരണം, വിവരസാങ്കേതിക വിദ്യ, ലോജിസ്റ്റിക്സ്, മാരിടൈം, കപ്പൽ നിർമാണം, മെഡിക്കൽ ഉപകരണങ്ങൾ, പാക്കേജിങ്, ഗവേഷണ-വികസനം, പുനരുപയോഗിക്കാവുന്ന ഊർജ്ജ സ്രോതസുകൾ, മാലിന്യ സംസ്കരണവും പുനരുപയോഗവും തുടങ്ങിയ മേഖലകളിലാണ് ആശയവിനിമയം നടന്നത്. മുംബൈയിലും ന്യൂ ഡൽഹിയിലും വിവിധ രാജ്യങ്ങളിലും ആഗോള നിക്ഷേപക സംഗമത്തിന്റെ പ്രചരണാർത്ഥം റോഡ്ഷോകൾ സംഘടിപ്പിക്കും.

## 'വേൾഡ് ഫുഡ് ഇന്ത്യ 2024' പ്രദർശനത്തിൽ ഫോക്കസ് സ്റ്റേറ്റ് ആയി കേരളം

ഭക്ഷ്യ സംസ്കരണ മേഖലയിൽ 'വേൾഡ് ഫുഡ് ഇന്ത്യ 2024' ആഗോള വേദിയൊരുക്കി കേന്ദ്രം. 2024 സെപ്റ്റംബർ 19 മുതൽ 22 വരെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ സംഘടിപ്പിച്ച നാലു ദിവസത്തെ പരിപാടിയിൽ 90 രാജ്യങ്ങളിൽനിന്നുള്ള പങ്കാളിത്തമാണുറപ്പാക്കിയിരുന്നത്. 'വേൾഡ് ഫുഡ് ഇന്ത്യ 2024' ൽ ഫോക്കസ് സ്റ്റേറ്റ് ആയി ശക്തമായ സാന്നിധ്യം അറിയിച്ച് കേരളം, സംസ്ഥാനത്തെ പ്രതിനിധീകരിച്ച് കേരള പവലിയനും ഒരുക്കിയിരുന്നു.

കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രദർശന പരിപാടിയിൽ സംസ്ഥാനത്തിന്റെ തനത് ഉത്പന്നങ്ങളുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ഒരുക്കിയിരുന്ന കേരള പവിലിയന്റെ ഉദ്ഘാടനം 2024 സെപ്റ്റംബർ 19ന് നോർക്ക വൈസ് ചെയർമാനും ലുലു ഗ്രൂപ്പ് ഇന്റർനാഷണൽ ചെയർമാനുമായ ശ്രീ. എം.എ. യൂസഫലി നിർവഹിച്ചു. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ (കെബിപ്പ്) നേതൃത്വത്തിൽ ഒരുക്കിയ കേരള പവലിയനിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ (എംഎസ്എംഇ) മേഖലയിൽ നിന്നുമുള്ള 23 ഭക്ഷ്യ സംസ്കരണ യൂണിറ്റുകളാണ് പങ്കെടുത്തത്. അതിൽ 8 യൂണിറ്റുകൾ പിഎംഎഫ്എംഇ പദ്ധതിയുടെ ഗുണഭോക്താക്കളാണ് എന്നത് കൃത്യമായ ആസൂത്രണത്തിന്റെ നേർകാഴ്ചയായി.

അരിപ്പൊടി, മസാലപ്പൊടി, തേങ്ങ അധിഷ്ഠിത ഉത്പന്നങ്ങൾ, ചക്ക അധിഷ്ഠിത ഉത്പന്നങ്ങൾ, വിവിധയിനം അച്ചാറുകൾ, വെളിച്ചെണ്ണ, വെർജിൻ കോക്കനട്ട് ഓയിൽ, പൈനാപ്പിൾ, വാഴപ്പഴം, പപ്പായ, നെല്ലിക്ക,










എന്നിവയുടെ സ്ക്വാഷുകളും അച്ചാറുകളും മറ്റ് മൂല്യവർധിത ഉൽപ്പന്നങ്ങളും, ഫ്രൂട്ട് പൾപ്പും തേനും അടിസ്ഥാനമാക്കിയുള്ള രോഗപ്രതിരോധ ബൂസ്റ്ററുകൾ, പ്രത്യേകം സംസ്കരണം ചെയ്തെടുത്ത പഴങ്ങൾ, പച്ചക്കറികൾ, ചോക്ലേറ്റ് പാക്കിംഗ് കണ്ടെയ്നറുകൾ, ഡ്രൈ ഫ്രൂട്ട്സ് പാക്കിംഗ് കണ്ടെയ്നറുകൾ, കേക്ക് ബോക്സ്, കേക്ക് മിക്സുകൾ, ഫില്ലിംഗുകൾ തുടങ്ങി വൈവിധ്യമേറിയതും കേരളത്തിന്റെ തനിമ വിളിച്ചോതുന്നതുമായ 23 ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ ഉത്പന്ന പ്രദർശന വിപണനങ്ങൾ കേരള പവലിയന്റെ മാറ്റ് കൂട്ടി.



## ഗോൾഡ് ജ്വല്ലറി മാനുഫാക്ച്ചറിങ് പ്ലാന്റിന്റെ ഉദ്ഘാടനം

ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവ് നിർവഹിച്ചു.

കളമശ്ശേരി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ആൽഫ കോസ്മിക് ഡിസൈൻസ് LLP എന്ന സ്ഥാപനത്തിന്റെ പുതിയ ഗോൾഡ് ജ്വല്ലറി മാനുഫാക്ച്ചറിങ് പ്ലാന്റിന്റെ ഉദ്ഘാടനം 2024 സെപ്റ്റംബർ മാസം 21 ആം തീയതി ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവ് നിർവഹിച്ചു.

കെ.എസ്.എസ്.ഐ.എ സംസ്ഥാന പ്രസിഡന്റ് ശ്രീ. എ നിസാറുദ്ദീൻ അധ്യക്ഷനായ ചടങ്ങിൽ ബഹു. വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്. മുഖ്യ പ്രഭാഷണം നടത്തി. കളമശ്ശേരി മുനിസിപ്പൽ വാർഡ് കൗൺസിലർ ശ്രീ. സലിം പതുവന, എറണാകുളം ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. പി. എ. നജീബ്, KSSIA ജനറൽ സെക്രട്ടറി ശ്രീ. പി.ജെ. ജോസ്, KSSIA എറണാകുളം ജില്ലാ പ്രസിഡന്റ് ശ്രീ. ടോം തോമസ് എന്നിവർ ആശംസ അറിയിച്ചു. KDPIA പ്രസിഡന്റ് ശ്രീ. ഒ.എ. നിസാം നന്ദി രേഖപ്പെടുത്തി. കളമശ്ശേരി വ്യവസായ മേഖലയിൽ 20 കോടിയോളം രൂപയുടെ നിക്ഷേപത്തിൽ ആരംഭിച്ച സ്ഥാപനത്തിൽ 150 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചെന്നും കമ്പനിയുടെ ഡയറക്ടർ ശ്രീ. മുഹമ്മദ് ഷാൻ അറിയിച്ചു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.